# 003/2020-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 003/2020-M

**Total Marks : 100 Marks**

**Time : 1 hour and 15 minutes**

1. ഏതു നദിയിലാണ് 'കുറുവ' ദ്വീപ് സ്ഥിതി ചെയ്യുന്നത്?
   (A) ഭവാനി  (B) പാമ്പാർ
   (C) കബനി  (D) കുന്തിപ്പുഴ

2. തിരുവിതാംകൂറിൽ 'അലോപ്പതി' ചികിത്സാ സമ്പ്രദായം ആരംഭിച്ച ഭരണാധികാരി.
   (A) സ്വാതി തിരുനാൾ  (B) ഗൗരി ലക്ഷ്മിഭായി
   (C) ഗൗരി പാർവതിഭായി  (D) ധർമ്മരാജ

3. വ്യവസായം ഉൾപ്പെടുന്നത് സമ്പത് വ്യവസ്ഥയിലെ ഏതു മേഖലയിലാണ്
   (A) സേവന മേഖല  (B) പ്രാഥമിക മേഖല
   (C) ദ്വിതീയ മേഖല  (D) ത്രതീയ മേഖല

4. ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തുന്നത് ആരിലൂടെയാണ്?
   (A) മന്ത്രിസഭ  (B) പഞ്ചായത്ത്
   (C) കോടതി  (D) ഉദ്യോഗസ്ഥ വൃന്ദം

5. അമേരിക്കൻ കോളനികൾ ഇംഗ്ലണ്ടിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിനു കാരണമായ ഉടമ്പടി ഏത്?
   (A) പാരീസ് ഉടമ്പടി  (B) മോസ്ക്കോ ഉടമ്പടി
   (C) വേഴ്സായ് ഉടമ്പടി  (D) ബോസ്റ്റൺ ഉടമ്പടി

6. പാർലമെന്റിന്റെ സംയുക്തസമ്മേളനത്തിൽ അധ്യക്ഷത വഹിക്കേണ്ടത് ആര് ?
   (A) രാഷ്ട്രപതി  (B) ലോക്സഭ സ്പീക്കർ
   (C) ഉപരാഷ്ട്രപതി  (D) രാജ്യസഭ ഉപാധ്യക്ഷൻ

7. ഭഗത് സിങ്ങിന്റെ സ്മാരകമായ 'ഭഗത സിങ്ങ് ചൗക്ക്' സ്ഥിതി ചെയ്യുന്നതെവിടെ ?
   (A) ലാഹോർ  (B) അമൃത്സർ
   (C) റാവൽപിണ്ടി  (D) ഗുരുദാസ്പൂർ

8. പശ്ചിമ തീര സമതലത്തിന്റെ മധ്യഭാഗം ഏതു പേരിൽ അറിയപ്പെടുന്നു ?
   (A) മലബാർ തീരം  (B) സിർകാർ തീരം
   (C) കോറമാണ്ടൽ തീരം  (D) കൊങ്കൺ തീരം

9. ഇന്ത്യയിൽ സാമ്പത്തിക ആസൂത്രണ സംവിധാനമായ നീതി ആയോഗ് നിലവിൽ വന്നതെന്ന്?
   (A) 2015 ഏപ്രിൽ 1  (B) 2015 ജനുവരി 1
   (C) 2015 ജൂലൈ 1  (D) 2015 ഒക്ടോബർ 1

10. 'നയൻകാര' 'അയ്യഗാർ' എന്നീ ഭരണ രീതികൾ പിൻതുടർന്നിരുന്ന സാമ്രാജ്യം
   (A) മറാത്ത സാമ്രാജ്യം  (B) മുഗൾ സാമ്രാജ്യം
   (C) വിജയനഗര സാമ്രാജ്യം  (D) ബാമിനി സാമ്രാജ്യം

11. ധരാതലീയ ഭൂപടങ്ങളിലെ 'നോർത്തിംഗ്സ്' ഏതു ദിശയിൽ വരച്ചിരിക്കുന്ന രേഖകളാണ്

(A) കിഴക്ക് പടിഞ്ഞാറ് (B) തെക്ക് പടിഞ്ഞാറ്

(C) വടക്ക് കിഴക്ക് (D) തെക്ക് വടക്ക്

12. 'ഇ-ഗവേണൻസ്' എന്ന തുകൊണ്ട് ഉദ്ദേശിക്കുന്നത്

(A) ഗവൺമെന്റ് ഓഫീസുകളിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുന്നത്.

(B) ഭരണ രാഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗം.

(C) മന്ത്രിമാർ ഇ-മെയിൽ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നത്.

(D) തെരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത്.

13. താഴെ പറയുന്നവയിൽ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടക്കം കുറിച്ച പ്രവർത്തനം.

(A) ഹരിത വിപ്ലവം (B) ഗരീബി ഹഠാവോ

(C) വ്യവസായ വൽക്കരണം (D) പുത്തൻ സാമ്പത്തീക നയം

14. ഇടുക്കി ഡാമിന്റെ പരമാവധി ജലസംഭരണശേഷി എത്ര അടിയാണ്?

(A) 2304 അടി (B) 2430 അടി

(C) 2403 അടി (D) 2340 അടി

15. ദേശീയ തലത്തിൽ അഴിമതി തടയുന്നതിനു വേണ്ടി രൂപീകരിക്കപ്പെട്ടിരിക്കുന്ന സ്ഥാപനം.

(A) ഓംബുഡ്സ്മാൻ (B) വിജിലൻസ് കമ്മീഷൻ

(C) ലോകായുക്ത (D) ലോക്പാൽ

16. ഭൂമിയുടെ ഉൾഭാഗത്തുള്ള 'അകക്കാമ്പ്' ഏത് അവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്?

(A) ഖരം (B) ദ്രാവകം

(C) വാതകം (D) പ്ലാസ്മ

17. 'പോക്സോ' (Poxo) നിയമം കേരളത്തിൽ നിലവിൽ വന്ന വർഷം

(A) 2010 (B) 2011

(C) 2012 (D) 2013

18. ഇന്ത്യയിൽ ജി.എസ്.ടി. ബിൽ പാസാക്കിയ ആദ്യ സംസ്ഥാനം

(A) ബിഹാർ (B) കേരളം

(C) ഒഡീഷ (D) ആസ്സാം

19. ജാതിവ്യവസ്ഥക്കും തൊട്ടുകൂട്ടായ്മക്കും എതിരെ പരാമർശമുള്ള ആദ്യമലയാള കൃതി

(A) ജാതി ലക്ഷണം (B) ജാതിക്കുമ്മി

(C) ഈശ്വര വിചാരം (D) ജാതിമീമാംസ

20. 1921ൽ നിലവിൽ വന്ന 'ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യ'യുടെ ഇപ്പോഴത്തെ പേര്.

(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (B) പഞ്ചാബ് നാഷണൽ ബാങ്ക്

(C) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ (D) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

21. പേശി കോശത്തിന്റെ അടിസ്ഥാന സങ്കോച യൂണിറ്റുകളാണ്

(A) ഫാസിക്കിൾ

(B) മയോഫൈബ്രിൻ

(C) സാർക്കോമിയർ

(D) ആക്ടിൻ

22. യുവത്വ ഹോർമോൺ എന്ന് അറിയപ്പെടുന്ന ഹോർമോൺ

(A) കോർട്ടിസോൾ

(B) തൈമോസിൻ

(C) ഇൻസുലിൻ

(D) വാസോപ്രസിൻ

23. ഷട്പദങ്ങളുടെ വിസർജ്യ വസ്തു

(A) യൂറിയ

(B) അമോണിയ

(C) ജലം

(D) യൂറിക് ആസിഡ്

24. ദ്വി നാമ പദ്ധതി ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ

(A) ജോൺ റേ

(B) കാൾ ലിനേയസ്

(C) അരിസ്റ്റോട്ടിൽ

(D) തിയോ ഫ്രാറ്റസ്

25. മസ്തിഷ്കത്തിലേയും സുഷുപ്മ് നയിലേയും മയലിൻഷീത്ത് നിർമിക്കപ്പെട്ടിരിക്കുന്ന സവിശേഷ കോശങ്ങളാണ്

(A) അസ്ട്രോസൈറ്റുകൾ

(B) കഫർ സെല്ലുകൾ

(C) ഒളിഗോ ഡെൻട്രോസൈറ്റുകൾ

(D) ഷ്വാൻ സെല്ലുകൾ

26. മനുഷ്യന്റെ റെറ്റിനയിൽ പതിക്കുന്ന പ്രതിബിംബത്തിന്റെ പ്രത്യേകത എന്ത്?

(A) യാഥാർത്ഥം, തല തിരിഞ്ഞത്

(B) യാഥാർത്ഥം, നിവർന്നത്

(C) മിഥ്യ, നിവർന്നത്

(D) മിഥ്യ, തല തിരിഞ്ഞത്

27. ആറ്റത്തിന്റെ ന്യൂക്ലിയസിന്റെ വലിപ്പം പറയാൻ ഉപയോഗിക്കുന്ന യൂണിറ്റ് ഏത്?

(A) ആങ്സ്ട്രം

(B) ന്യൂട്ടൻ

(C) വെബർ

(D) ഫെർമി

28. ഹൈഡ്രോളിക് പ്രസിന്റെ പ്രവർത്തനതത്വം ഏത്?

(A) ചാൾസ് നിയമം

(B) ആർക്കമെഡിസ് തത്വം

(C) പാസ്കൽ നിയമം

(D) ന്യൂട്ടന്റെ രണ്ടാം ചലന നിയമം

29. സൂര്യനും നക്ഷത്രങ്ങൾക്കും വികിരണോർജം കിട്ടുന്നതിന് കാരണമായ പ്രവർത്തനം ഏത്?

(A) ഫോട്ടോ ഇലക്ട്രിക് പ്രവർത്തനം

(B) ഫ്യൂഷൻ പ്രവർത്തനം

(C) ഫിഷൻ പ്രവർത്തനം

(D) ഡോപ്ലർ എഫക്ട്

30. ഹരിതഗൃഹ വാതകങ്ങളിൽ പെടാത്ത വാതകമേത്?

(A) മീഥേൻ

(B) നൈട്രസ് ഓക്സൈഡ്

(C) കാർബൺ ഡയോക്സൈഡ്

(D) ഹൈഡ്രജൻ

31. ആൽഫന്യൂമെറിക് ഡാറ്റാ എൻട്രിയ്ക്കു ഉപയോഗിക്കുന്ന ഇൻപുട്ട് ഡിവൈസ് ഏത്

(A) മൗസ്

(B) ജോയ്സ്റ്റിക്ക്

(C) കീബോർഡ്

(D) ലൈറ്റ് പെൻ

32. താഴെ പറയുന്നവയിൽ താത്കാലികമായി ഡേറ്റ സ്റ്റോർ ചെയ്യാൻ ഉപയോഗിക്കുന്ന മെമ്മറി ഏത്?

(A) ROM

(B) RAM

(C) PROM

(D) EPROM

33. ഓപ്പറേറ്റിംഗ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ താഴെ പറയുന്നവയിൽ ഏതു വിഭാഗത്തിൽ പെടുന്നു

(A) ലാംഗ്വേജ് പ്രോസസ്സർ

(B) അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

(C) സിസ്റ്റം സോഫ്റ്റ് വെയർ

(D) യൂട്ടിലിറ്റി സോഫ്റ്റ്‌വെയർ

34. ലോകത്തിലെ ഏറ്റവും വലിയ നെറ്റ് വർക്കിന് ഉദാഹരണം ആണ്

(A) ടെലിഫോൺ നെറ്റ് വർക്ക്

(B) കേബിൾ ടീവി നെറ്റ് വർക്ക്

(C) റെയിൽവെ നെറ്റ് വർക്ക്

(D) ഇന്റർനെറ്റ്

35. താഴെ പറയുന്നവയിൽ URL ഇന്റെയ് പൂർണരൂപം എഴുതുക

(A) യുണൈറ്റഡ് റിസോഴ്സ് ലൊക്കേഷൻ

(B) യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ

(C) യുണൈറ്റഡ് റിസോഴ്സ് ലോഗിൻ

(D) യൂണിറ്റി റിസോഴ്സ് ലൊക്കേഷൻ

36. ഒരു ബിൽ മണിബില്ലാണോ എന്ന് തീരുമാനിക്കുന്നത് ആരാണ് ?

(A) പ്രസിഡന്റ് (B) വൈസ്പ്രസിഡന്റ്

(C) ലോക്സ്ഭാ സ്പീക്കർ (D) അറ്റോർണി ജനറൽ

37. ഇന്ത്യൻ വൈസ്പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന സമിതിയിൽ ചുവടെ ചേർത്തിട്ടുള്ള ആരെല്ലാം ഉൾപ്പെടുന്നു ?

(A) ലോക്സഭാ, രാജ്യസഭാ അംഗങ്ങൾ

(B) ലോക്സഭാ, രാജ്യസഭാ, സംസ്ഥാന നിയമസഭാ അംഗങ്ങൾ

(C) പ്രസിഡന്റ്, ലോക്സഭാ, രാജ്യസഭാ അംഗങ്ങൾ

(D) ലോക്സഭയിലെയും രാജ്യബഭയിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

38. ഇന്ത്യയിലെ ആദ്യ ഉപ പ്രധാനമന്ത്രി ആരായിരുന്നു ?

(A) ജവഹർലാൽ നെഹ്റു (B) സർദാർ വല്ലഭായി പട്ടേൽ

(C) ഗുൽസാരിലാൽ നന്ദ (D) ബൽദേവ് സിംഗ്

39. 'സെൻസസ്' ഇന്ത്യൻ ഭരണഘടനയുടെ ഏത് ലിസ്റ്റിൽ ഉൾപ്പെടുന്നു ?

(A) യൂണിയൻ ലിസ്റ്റ്

(B) കൺകറന്റ് ലിസ്റ്റ്

(C) സ്റ്റേറ്റ് ലിസ്റ്റ്

(D) ഒരു ലിസ്റ്റിലും ഉൾപ്പെടുന്നില്ല

40. 1956-ൽ ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ?

(A) 3-ാം ഭേദഗതി (B) 5-ാം ഭേദഗതി

(C) 7-ാം ഭേദഗതി (D) 9-ാം ഭേദഗതി

41. 'സൈക്കോ' എന്ന തൂലികാനാമം ഏത് എഴുത്ത്കാരന്റേതാണ് ?

(A) കെ. പദ്മനാഭൻ

(B) ഇ. മുഹമ്മദ്

(C) ഡൊമനിക്ക് ചാക്കോ കിഴക്കേമുറി

(D) എൻ. വാസുദേവൻ നായർ

42. 2019 ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം നേടിയ ഇന്ത്യൻ കായിക താരം ?

(A) പി.വി. സിന്ധു (B) സൈന നെഹ്‌വാൾ

(C) ശ്രീകാന്ത് കിഡംബി (D) പ്രണോയ്കുമാർ

43. 'ഇങ്കുലാബിന്റെ മക്കൾ' എന്ന നാടകം രചിച്ചത് ആര് ?

(A) സച്ചിദാനന്ദൻ

(B) പൊൻകുന്നം വർക്കി

(C) സി.എൻ. ശ്രീകണ്ഠൻ നായർ

(D) പി.ജെ. ആന്റണി

44. 2019 ലോകകപ്പ് ക്രിക്കറ്റ് സെമിഫൈനൽ മൽസരത്തിൽ ഇന്ത്യയെ പരാജയപ്പെടുത്തിയ രാജ്യം ഏത് ?

(A) ആസ്ട്രേലിയ (B) ഇംഗ്ലണ്ട്

(C) ന്യൂസിലാന്റ് (D) ശ്രീലങ്ക

45. ചുവടെ ചേർത്തിട്ടുള്ള ഏത് രാജ്യത്തിന്റെ ദേശീയ കായിക വിനോദമാണ് കബഡി ?

(A) അമേരിക്ക (B) ബംഗ്ലാദേശ്

(C) അഫ്ഗാനിസ്ഥാൻ (D) ക്യൂബ

46. 2022-ലെ കോമൺവെൽത്ത് ഗെയിംസിന്റെ വേദി ?

(A) ദക്ഷിണാഫ്രിക്ക (B) ആസ്ട്രേലിയ

(C) സ്കോട്ട്ലാന്റ് (D) ഇന്ത്യ

47. കേരളത്തിൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടായ കവളപ്പാറ എന്ന സ്ഥലം ഏതു ജില്ലയിലാണ് സ്ഥിതിചെയ്യുന്നത് ?

(A) പാലക്കാട് (B) വയനാട്

(C) തൃശ്ശൂർ (D) മലപ്പുറം

48. എത്രാമത് ലോകസഭാ തെരഞ്ഞെടുപ്പാണ് ഇന്ത്യയിൽ 2019-ൽ നടന്നത് ?

(A) 15 (B) 16

(C) 17 (D) 18

49. ഇന്ത്യ വിക്ഷേപിച്ച ചന്ദ്രയാൻ-2 ന്റെ ലാൻഡറിന് നൽകിയ പേര് എന്തായിരുന്നു ?

(A) പ്രഗ്യാൻ (B) വിക്രം

(C) എക്സ്പ്ലോറർ (D) കലാം

50. 14-ാം കേരളാ നിയമസഭയിലെ വനംവകുപ്പ് മന്ത്രി ആരാണ് ?

(A) പ്രൊഫ. രവീന്ദ്രനാഥ് (B) മേഴ്സികുട്ടിയമ്മ

(C) കെ.ടി. ജലീൽ (D) കെ. രാജു

51. He played a tune _________ the violin.

(A) in (B) on
(C) with (D) over

52. We enjoyed _________ fun.

(A) a (B) an
(C) the (D) for

53. They _________ for you.

(A) waits (B) is waiting
(C) wait (D) are waiting

54. The synonym of eccentric is _________.

(A) peculiar (B) efficient
(C) eternal (D) proficient

55. They lead a happy life. The word 'happy' is a/an _________.

(A) Noun (B) Adjective
(C) Adverb (D) Verb

56. The antonym of extravagant is _________.

(A) Real (B) Hostile
(C) Frugal (D) Enemy

57. Our Jawans would not _________ to the enemies.

(A) give in (B) give away
(C) give up (D) give out

58. 'Rice is the staple food of Kerala.' Is an _________.

(A) Exclamatory sentence (B) Assertive sentence
(C) Imperative sentence (D) Interrogative sentence

59. The gender of the word 'peacock' is _________.

(A) common (B) masculine
(C) feminine (D) neuter

60. Which word is correct ?

(A) vacation (B) vaccation
(C) veccation (D) vacassion

61. The question tag for 'He said nothing, _________' ? Is

(A) did he ? (B) didn't he ?
(C) has he ? (D) had he ?

62. If you learn well, you _________ the exam.

(A) can pass
(B) could pass
(C) could have passed
(D) could passed

63. 'Sunstroke' is a word formed using

(A) prefix
(B) suffix
(C) compound
(D) None of the above

64. Choose the correct idiom to substitute the underlined word. He did the work irregularly.

(A) in black and white
(B) by fits and starts
(C) in deep water
(D) head over heels

65. The passive form of 'The child broke the toys' is _________.

(A) The toys was broken by the child.
(B) The toys was being broken by the child.
(C) The toys were being broken by the child.
(D) The toys were broken by the child.

66. I _________ just come.

(A) was
(B) am
(C) has
(D) have

67. One word substitute for 'the original inhabitants of a place' is _________.

(A) accomplices
(B) aborigines
(C) hedonists
(D) cosmopolitans

68. The candidates _________ be in possession of their hall tickets.

(A) can
(B) may
(C) will
(D) must

69. Balu to Akshara "where are you going ?". The reported form of this sentence is

(A) Balu asked Akshara where she were going.
(B) Balu asked Akshara where she was going.
(C) Balu asked Akshara where she had been going.
(D) Balu asked Akshara where was she going.

70. His only bad habits is smoking. The underlined word is a _________.

(A) gerund
(B) present participle
(C) past continuous
(D) None of the above

71. ഒരു സംഖ്യയുടെ വർഗ്ഗത്തോടുകൂടി 51 ചേർത്താൽ 676 കിട്ടും സംഖ്യയേത്?

(A) 525
(B) 625
(C) 25
(D) 26

72. 20-ൽ താഴെയുള്ള ഒറ്റ സംഖ്യകളുടെ തുകയെത്ര?

(A) 100
(B) 96
(C) 98
(D) 20

73. $5\frac{1}{3} + 3\frac{1}{3} - 2\frac{1}{3}$ എത്ര?

(A) $10\frac{1}{3}$
(B) $4\frac{1}{3}$
(C) $6\frac{1}{3}$
(D) $5\frac{1}{3}$

74. $\frac{1}{2} + \frac{1}{4} + \frac{1}{8} + \frac{1}{16} + X = 1$ ആയാൽ X എത്ര ?

(A) $\frac{1}{2}$
(B) $\frac{1}{4}$
(C) $\frac{1}{8}$
(D) $\frac{1}{16}$

75. രണ്ട് സംഖ്യകൾ തമ്മിലുള്ള അംശബന്ധം 3 : 4 അവയുടെ വ്യത്യാസം 24 എങ്കിൽ ചെറിയ സംഖ്യ എത്ര ?

(A) 72
(B) 96
(C) 36
(D) 24

76. താഴെ തന്നിരിക്കുന്നതിൽ "രാമാനുജൻ നമ്പർ" അല്ലാത്തത്

(A) $12^3 + 1^3$
(B) 1729
(C) $10^3 + 9^3$
(D) 1728

77. $X - \frac{1}{X} = 7$ ആയാൽ $X^2 + \frac{1}{X^2}$ എത്ര ?

(A) 51
(B) 47
(C) 49
(D) 15

78. $(\sqrt{3} + 1)(\sqrt{3} - 1)$ എത്ര ?

(A) 4
(B) $2\sqrt{3}$
(C) 2
(D) $\sqrt{8}$

79. 10 cm, 8 cm, 6 cm വശങ്ങളുള്ള ത്രികോണത്തിന്റെ മധ്യബിന്ദുക്കൾ യോജിപ്പിച്ചു കിട്ടുന്ന ത്രികോണത്തിന്റെ ചുറ്റളവെത്ര?

(A) 24 cm
(B) 12 cm
(C) 18 cm
(D) 16 cm

80. ഒരു ക്ലോക്കിലെ സമയം 8:00 മണി കാണിച്ചിരിക്കുന്നു. മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോണളവെത്ര?

(A) 150°
(B) 100°
(C) 90°
(D) 120°

81. അനു ഒരു വരിയിൽ മുൻപിൽ നിന്ന് 25 മതും പുറകിൽ നിന്ന് 25 മതും മായി നിൽക്കുന്നു എങ്കിൽ ആ വരിയിൽ എത്ര പേർ ഉണ്ട് ?

(A) 50 (B) 48
(C) 51 (D) 49

82. 2021 ആഗസ്റ്റ് 15 ഞായർ ആയാൽ ആ വർഷം ക്രിസ്തുമസ് ഏതു ദിവസമാകും ?

(A) ശനി (B) ഞായർ
(C) തിങ്കൾ (D) ചൊവ്വ

83. അമ്മുവിന്റെ വയസ്സ് 10 ന്റെ ഗുണിതമാണ് കഴിഞ്ഞ വർഷം അവളുടെ വയസ്സ് 13 ന്റെ ഗുണിതമായിരുന്നു അമ്മുവിന്റെ വയസ്സെത്ര ?

(A) 30 (B) 39
(C) 40 (D) 52

84. X ന്റെ Y% 30 ആയാൽ Y യുടെ X% എത്ര ?

(A) 60 (B) 30
(C) 40 (D) $\frac{XY}{100}$

85. 20 ആളുകൾ 6 ദിവസം കൊണ്ട് ചെയ്തു തീർക്കുന്ന ഒരു ജോലി 8 ആളുകൾ എത്ര ദിവസം കൊണ്ട് ചെയ്തു തീർക്കും

(A) 40 (B) 30
(C) 15 (D) 48

86. 7 സംഖ്യകൾ സമാന്തരശ്രേണിയിൽ ക്രമീകരിച്ചിരിക്കുന്നു മധ്യപദം 15 ആയാൽ പദങ്ങളുടെ തുകയെത്ര ?

(A) 105 (B) 49
(C) 100 (D) 75

87. $9 \times 36 \div 4 + 9 - 9$ എത്ര ?

(A) 84 (B) 85
(C) 81 (D) 80

88. H, E, S മൂന്നക്കങ്ങളാണ് HE * HE = SHE ആയാൽ S + H + E എത്ര ?

(A) 12 (B) 25
(C) 625 (D) 13

89. 5000 രൂപ 8% നിരക്കിൽ 2 വർഷത്തേയ്ക്ക് സാധാരണപലിശയ്ക്ക് നിക്ഷേപിച്ചാൽ തിരികെ ലഭിക്കാവുന്ന തുകയെത്ര ?

(A) 800 (B) 5800
(C) 6800 (D) 5400

90. പാർക്കിങ്ങ് ഏരിയായിൽ നിന്നും രണ്ട് കാറുകൾ ഒരേ സമയം പുറപ്പെടുന്നു. ഒന്ന് 6 km വടക്കോട്ടും മറ്റൊരു കാർ 8 km പടിഞ്ഞാറോട്ടും യാത്ര തിരിച്ചു. കാറുകൾ തമ്മിലുള്ള ഇപ്പോഴത്തെ അകലമെത്ര ?

(A) 14 km (B) 2 km
(C) 10 km (D) 7 km

91. തൻമാത്രാ തദ്ധിതത്തിന് ഉദാഹരണം
(A) ഒന്നാം
(B) കണ്ടവൻ
(C) മൂപ്പൻ
(D) വെൺമ

92. കൈകാലുകൾ – സമാസമെത് ?
(A) ബഹുവ്രീഹി
(B) ദ്വന്ദ്വൻ
(C) അവ്യയീഭാവൻ
(D) തത് പുരുഷൻ

93. ശരിയായ രൂപമേത് ?
(A) അഭ്യസ്ത വിദ്യൻ
(B) അഭ്യസ്ഥ വിദ്യൻ
(C) അഭ്യസ്ത്ത വിദ്യൻ
(D) അഭ്യസ്ഥ വിധ്യൻ

94. ഋഷിയെ സംബന്ധിച്ചത് എന്നർത്ഥം വരുന്ന വാക്ക്
(A) ഋഷഭം
(B) ഋഗ്വേദം
(C) ആർഷം
(D) ഋതുക്കൾ

95. അർത്ഥം എഴുതുക – ഇനൻ
(A) ചന്ദ്രൻ
(B) സൂര്യൻ
(C) നക്ഷത്രം
(D) രാത്രി

96. 'ആത്മകഥയ്ക്കൊരാമുഖം' – ആരുടെ കൃതി ?
(A) ലളിതാംബിക അന്തർജനം
(B) സുഗത കുമാരി
(C) മാധവിക്കുട്ടി
(D) ബാലാമണിയമ്മ

97. കേരള കാളിദാസൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ ?
(A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(B) വള്ളത്തോൾ
(C) കേരള വർമ വലിയ കോയിത്തമ്പുരാൻ
(D) എ.ആർ. രാജരാജവർമ

98. ആദ്യമായി എഴുത്തച്ഛൻ പുരസ്കാരം നേടിയതാര് ?
(A) തകഴി
(B) ബാലാമണിയമ്മ
(C) കെ.എം. ജോർജ്
(D) ശൂരനാട്ട് കുഞ്ഞൻ പിള്ള

99. നായ കഥാപാത്രമായ ഒരു കഥ
(A) ശബ്ദിക്കുന്ന കലപ്പ
(B) വെള്ളപ്പൊക്കത്തിൽ
(C) കടൽത്തീരത്ത്
(D) നെയ്പ്പായസം

100. ബഷീറിനെ കൂടാതെ പൂവൻപഴം എന്ന പേരിൽ കഥയെഴുതിയ കഥാകൃത്ത്
(A) എസ്.കെ. പൊറ്റക്കാട്
(B) ടി. പത്മനാഭൻ
(C) പൊൻകുന്നം വർക്കി
(D) കാരൂർ നീലകണ്ഠ പ്പിള്ള

SPACE FOR ROUGH WORK

SPACE FOR ROUGH WORK